## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1655 — 13.7.2011-ൽ മറുപടിയ്ക്ക്

## മയിലുകൾ കൃഷികൾ നശിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മയിലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) മയിലുകൾ വ്യാപകമായി നെല്ല്, പച്ചക്കറി, വാഴകൃഷികൾ എന്നിവ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മയിലുകൾ വ്യാപകമായി നെല്ല്, പച്ചക്കറി, വാഴകൃഷികൾ എന്നിവ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചിലയിടങ്ങളിൽ പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ പരിസര പ്രദേശങ്ങളിൽ മയിലുകൾ കൃഷിനശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഇതു നിയന്ത്രിക്കുന്നതിനായി ചൂലന്നൂർ മയിൽ സങ്കേതത്തിൽ മയിലുകൾക്ക് ആവശ്യമായ തീറ്റയും വെള്ളവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളം ലഭ്യമാക്കുന്നതിനായി ചെറിയ കുടിവെള്ള ടാങ്കുകൾ സ്ഥാപിക്കുക, ഈ ടാങ്കുകൾക്ക് സമീപം നെല്ല്, റാഗി തുടങ്ങിയ ധാന്യങ്ങൾ ഒന്നിടവിട്ട ദിവസം നൽകുക, മയിൽ സങ്കേതമുള്ള തേപ്പാടം നെച്ചോട്ട്, ചിലമ്പത്തൊടി തുടങ്ങിയ സ്ഥലങ്ങളിലെ ചെക്ക് ഡാമുകൾ പുനരുദ്ധരിക്കുക, സങ്കേതത്തിനു സമീപമുള്ള ചാത്തിക്കുളമ്പ്, പട്ടത്തിയാർ കുളമ്പ് എന്നിവിടങ്ങളിൽ നെല്ല്, ധാന്യം എന്നിവ കൃഷി ചെയ്യുക തുടങ്ങിയ പ്രവർത്തികൾ ചെയ്യാൻ ഉദ്ദേശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ